(സി) മേൽപ്പറഞ്ഞ നാല് പദ്ധതികളിൽ നിന്നുമായി 28 ഗാർഹിക കണക്ഷനും 24 ഗാർഹികേതര കണക്ഷനും നൽകിയിട്ടുണ്ട്.

(ഡി) മേൽപ്പറഞ്ഞ പദ്ധതികളിലെ നടത്തിപ്പും മറ്റ് പ്രവർത്തനങ്ങളും 31-1-2003 മുതൽ പഞ്ചായത്ത് ആണ് നടത്തിവരുന്നത്. ആയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് പരിശോധന നടത്താൻ പഞ്ചായത്ത് തലത്തിൽ നടപടി സ്വീകരിക്കാവുന്നതാണ്.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ ശുദ്ധജല പദ്ധതികളും ജലസേചനപദ്ധതികളും

48 [3635] ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ശുദ്ധജല പദ്ധതികളും ജലസേചന പദ്ധതികളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഓരോന്നിന്റെയും പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളെയാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) ഉണ്ണിക്കുളം, കിഴക്കോത്ത് പഞ്ചായത്തുകളെ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്താൻ എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്നു വിശദമാക്കാമോ?

ഉത്തരം

(എ) എൻ.സി./പി.സി. സ്കീമിൽ ഉൾപ്പെട്ട ചേളന്നൂർ 5, 9, 10 എന്നീ വാർഡുകൾക്കുള്ള ശുദ്ധജല വിതരണ പദ്ധതി, ആവിലോറ (വടക്ക്), പേനക്കുളം, കുറുക്കൻകുന്ന്, കാരക്കുന്ന് മിനി സ്കീം ശുദ്ധജല വിതരണ പദ്ധതികൾ, പി.എം.ജി.വൈ. പദ്ധതിയിലുൾപ്പെട്ട കൊടുവള്ളി, കിഴക്കോത്ത്, വടവൂർ സമഗ്ര ശുദ്ധജല വിതരണ പദ്ധതി, ഡെപ്പോസിറ്റ് വർക്കിലുൾപ്പെട്ട കൊടുവള്ളി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ നീട്ടൽ, എ.ആർ.പി. സ്കീമിലുൾപ്പെട്ട ചെറുമല, പൂവാർമല, നെല്ലിക്കുന്ന് എച്ച്/സി ശുദ്ധജല വിതരണ പദ്ധതികൾ എന്നിവയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ശുദ്ധജല പദ്ധതികൾ. കൂടാതെ ജെ.ബി.ഐ.സി. സഹായത്തോടെ കോഴിക്കോട് നഗരത്തിനും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള വാട്ടർ സപ്ലൈ ഇംപ്രൂവ്മെന്റ് പദ്ധതിയും നടപ്പിലാക്കിവരുന്നു.

കൊടുവള്ളി നിയോജകമണ്ഡലത്തിൽ ഇപ്പോൾ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ജലസേചന പദ്ധതികൾ ഒന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) കാക്കൂർ, ചേളന്നൂർ, കക്കോടി, നരിക്കുനി പഞ്ചായത്തുകൾ

(ഡി) ഉണ്ട്.

(ഇ) ജെ.ബി.ഐ.സി. അംഗീകരിച്ച പദ്ധതിയിൽ ഇപ്പോൾ മാറ്റം വരുത്താൻ നിർവ്വാഹമില്ലത്തതിനാൽ പുതിയതായി പഞ്ചായത്തുകളെ ഉൾപ്പെടുത്താൻ കഴിയില്ല.

കുട്ടനാട്ടിലെ നീരേറ്റുപുറത്ത് ട്രീറ്റ്മെന്റ് പ്ലാന്റും പമ്പിംഗ് സ്റ്റേഷനും നിർമ്മിക്കുന്നതിന് അനുമതി

49 [3636] ഡോ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ ശുദ്ധജല വിതരണത്തിന് നീരേറ്റുപുറത്ത് 18 ദശലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റും പമ്പിംഗ് സ്റ്റേഷനും നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ഇത് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം വാങ്ങുന്നതിന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് എത്ര ലക്ഷം രൂപ വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ചിട്ടുണ്ട്;

(സി) സ്ഥലം വാങ്ങുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ഡി) എത്രയും വേഗം സ്ഥലം വാങ്ങി നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാൻ എന്തു നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഇ) ഈ വർഷം തന്നെ നിർമ്മാണം ആരംഭിക്കുമെന്ന് ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 7.5 ലക്ഷം രൂപ.

(സി) സ്ഥലത്തിന് വില നിശ്ചയിച്ചത് കുറവാണെന്ന് സ്ഥലം ഉടമകൾ പരാതിയുമായി ജില്ലാ പഞ്ചായത്തിനെ സമീപിച്ചിട്ടുണ്ട്.

(ഡി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ പ്രത്യേക കമ്മിറ്റി, സ്ഥലം ഉടമകളുമായി 9-7-2004-ൽ യോഗം ചേരുകയുണ്ടായി. യോഗത്തിൽ സ്ഥലത്തിന് പുതിയതായി ഗവൺമെന്റ് നിശ്ചയിച്ച ന്യായവില (Fair price) ഉടമകൾക്ക് കിട്ടുന്നതിനുവേണ്ടി നടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനമെടുത്ത് ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഇ) സ്ഥലവും ഫണ്ടും ലഭ്യമാകുന്ന മുറയ്ക്ക് പണികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly